Digital Magazin

LITTLE KITES

# മരീചിക

ജി.എച്ച്.എസ്.എസ് ആലംപാടി

2023 - 24






# ജി.എച്ച്.എസ്.എസ് ആലംപാടി

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ
സിജി മാത്യു
(ഹെഡ് മിസ്ട്രസ് )

## സ്റ്റാഫ് എഡിറ്റർ
യൂസഫ് ബി ഐ
(കൈറ്റ് മാസ്റ്റർ)

## സബ് എഡിറ്റർ
സിന്ധു വി
(കൈറ്റ് മിസ്ട്രസ് )

## അംഗങ്ങൾ

| | |
|---|---|
| ആമിന എ എം | 10 A |
| ഖദീജത്ത് തൻവീറ ടി എ | 10 B |
| അബ്ദുൾ ഖാദർ ഷാൻ | 10 C |
| മുഹമ്മദ് മുസ്തഫ | 10 C |
| മുനീബ ഫാത്തിമ എം | 10 C |
| ഫാത്തിമത്ത് മുജീബ എം എ | 10 C |
| ഖദീജത്ത് ഷഹല കെ | 10 C |
| ഫാത്തിമത്ത് അന | 9 A |
| നജാത്ത് എസ് എ | 9A |
| അബ്ദുല്ല ബി എ | 9A |
| ഷാഹുൽ ഹമീദ് | 9B |
| അബ്ദുൽ നഷീം | 9B |
| ഫാത്തിമത്ത് അഫ്ര എസ് എ | 9B |
| നഫീസത്ത് മുഫീദ | 8A |
| നഫീസത്ത് മിസിരിയ | 8A |
| അബ്ദുൽ മുഹാസ് | 8A |
| അയ്ഷത്ത് ഷംന | 8B |
| ഖദീജത്ത് ലസ്സി | 8B |
| അഹമ്മദ് റഫാസ് | 8B |



# സന്ദേശം

സ്കൂൾ മാഗസിനുകൾ ഓരോ വിദ്യാലയത്തിന്റെയും മുഖമാണ്. വിദ്യാലയത്തിന്റെ വളർച്ചയും വികാസവും പൊതു ജനങ്ങൾക്ക് മുമ്പിൽ തുറന്ന് കാട്ടുന്നതിൽ അത് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അതിലുപരി വിദ്യാർത്ഥികളുടെ വൈവിധ്യങ്ങളായ രചനാ വൈഭവങ്ങളും വരച്ച് ചേർക്കാനുള്ള ഒരിടം കൂടിയാണത്. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന 2023 -24 വർഷത്തെ 'മരീചിക' എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സിജി മാത്യു
(ഹെഡ് മിസ്ട്രസ്)


# ആമുഖം

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ആലംപാടി ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 2023 - 2024 അധ്യയന വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനാണ്" മരീചിക".

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സാഹിത്യ ഭാവനകളെ ആധുനികതയുടെ വിസ്മയമായ ഡിജിറ്റൽ സാങ്കേതിക വിദ്യയുമായി കൂട്ടിയിണക്കിയ ഒരു പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിലൂടെ മുന്നോട്ട് വയ്ക്കുന്നത് മരീചികയെന്നാൽ ഒരു 'പ്രതീക്ഷ'യാണ് കുട്ടികളുടെ പ്രതീക്ഷകളും ഭാവനകളും ചിറകുവിരിച്ചിരിക്കുന്ന ഒരു മാഗസിനാണ് മരീചിക ഐ ടി രംഗത്തുള്ള കുട്ടികളുടെ കഴിവുകളും അവരുടെ നേതൃത്വപാടവവും സംഘാടക മികവും ഒന്നിച്ച് പരിപോഷിപ്പിക്കാൻ സാധിക്കുന്നതാണ് ഇത്തരം പ്രവർത്തനങ്ങൾ റൈറ്റ് ക്ലിക്ക് എന്ന പേരിൽ മുൻവർഷത്തിലും സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റേതായി വിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്

# ഉള്ളടക്കം


| | | |
|---|---|---|
| 1 | എ ഐ ........ | 7 |
| 2 | മനോഹരമായ സമ്മാനം ........ | 10 |
| 3 | കാറ്റ് ........ | 11 |
| 4 | സുന്ദരമായ ഹൃദയം ........ | 12 |
| 5 | എന്റെ വയനാട് ........ | 13 |
| 6 | INVINCIBILITY OF OUR UNIVERSE ........ | 14 |
| 7 | വികൃതിയുടെ കൂട്ടുകാരി ........ | 16 |
| 8 | അശ്വതിയുടെ പ്രകൃതി സ്നേഹം ........ | 17 |
| 9 | മഴവില്ല് ........ | 18 |
| 10 | വൈക്കം മുഹമ്മദ് ബഷീർ ........ | 19 |
| 11 | അമ്മ മനസ്സ് ........ | 20 |
| 12 | അമ്മയെ അനുസരിക്കാത്ത കാവ്യ ........ | 21 |
| 13 | ഒരു ദിനം ........ | 22 |
| 14 | ലോക് ഡൗൺ കാലത്തെ പ്രകൃതി ........ | 23 |
| 15 | ഭൂമിയുടെ അവകാശികൾ ........ | 24 |
| 16 | ഓണക്കാഴ്ച ........ | 25 |
| 17 | നീ വരുന്നോ ........ | 26 |
| 18 | കിനാവുകളുടെ കല്ലറ ........ | 27 |
| 19 | കാട്ടിലെ പ്രാവ് ........ | 28 |




# AI

ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് (എഐ) വിവിധ മേഖലകളിലുടനീളമുള്ള വലിയ അവസരങ്ങളുള്ള ഒരു പരിവർത്തന ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്, നാം ജീവിക്കുന്നതും ജോലി ചെയ്യുന്നതും ഇടപഴകുന്നതും പുനഃക്രമീകരിക്കുന്നു. ഈ ഉപന്യാസം AI-യുടെ വിപുലമായ സാധ്യതകളും അതിൻ്റെ നിലവിലെ ആപ്ലിക്കേഷനുകളും ഭാവിയിൽ അത് അവതരിപ്പിക്കുന്ന അവസരങ്ങളും പര്യവേക്ഷണം ചെയ്യുന്നു.

സമീപ വർഷങ്ങളിൽ, മെഷീൻ ലേണിംഗ്, ന്യൂറൽ നെറ്റ്‌വർക്കുകൾ, കമ്പ്യൂട്ടിംഗ് പവർ എന്നിവയിലെ മുന്നേറ്റങ്ങളാൽ AI ഗണ്യമായ മുന്നേറ്റം നടത്തി. പ്രാഥമിക അവസരങ്ങളിലൊന്ന് ആരോഗ്യ സംരക്ഷണ മേഖലയിലാണ്. AI- പവർഡ് ഡയഗ്നോസ്റ്റിക് ടൂളുകളും പ്രെഡിക്റ്റീവ് അനലിറ്റിക്സും മെഡിക്കൽ രോഗനിർണയത്തിലും ചികിത്സയിലും വിപ്ലവം സൃഷ്ടിക്കാനും കൃത്യതയും കാര്യക്ഷമതയും മെച്ചപ്പെടുത്താനും കഴിവുള്ളവയാണ്. ഇൻ്റലിജൻ്റ് അൽഗോരിതങ്ങൾക്ക് വലിയ അളവിലുള്ള മെഡിക്കൽ ഡാറ്റ വിശകലനം ചെയ്യാൻ കഴിയും, ഇത് രോഗങ്ങൾ നേരത്തേ

## ARTIFICIAL INTELLIGENCE

കണ്ടെത്തുന്നതിനും വ്യക്തിഗത ചികിത്സാ പദ്ധതികൾക്കും ഇടയാക്കും.




മാത്രമല്ല, ഓട്ടോമേഷനിലൂടെയും ഡാറ്റാധിഷ്ഠിത തീരുമാനമെടുക്കലിലൂടെയും AI ബിസിനസ്സ് ലാൻഡ്സ്കേപ്പിനെ പുനർനിർമ്മിക്കുന്നു.
പ്രവർത്തനങ്ങൾ ഒപ്റ്റിമൈസ് ചെയ്യുന്നതിനും ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും കമ്പനികൾ AI-യെ സ്വാധീനിക്കുന്നു. AI നൽകുന്ന ഓട്ടോമേഷൻ, നിർമ്മാണം, ലോജിസ്റ്റിക്സ്, ഉപഭോക്തൃ സേവനം തുടങ്ങിയ വ്യവസായങ്ങളെ പരിവർത്തനം ചെയ്യുന്നു, ഇത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും ഇടയാക്കുന്നു.

AI അവസരങ്ങൾ സൃഷ്ടിക്കുന്ന മറ്റൊരു മേഖലയാണ് വിദ്യാഭ്യാസം.



വ്യക്തിഗതമാക്കിയ പഠന പ്ലാറ്റ്ഫോമുകൾ വ്യക്തിഗത വിദ്യാർത്ഥികളുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതിന് AI അൽഗോരിതങ്ങൾ ഉപയോഗിക്കുന്നു, ഇത് ഇഷ്ടാനുസൃതമാക്കിയ വിദ്യാഭ്യാസ അനുഭവം നൽകുന്നു. ഇത് പഠന ഫലങ്ങൾ മെച്ചപ്പെടുത്തുക മാത്രമല്ല, വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന പഠനരീതികളെ അഭിസംബോധന ചെയ്യുകയും വിദ്യാഭ്യാസത്തെ കൂടുതൽ ഉൾക്കൊള്ളുന്നു.

AI യുടെ സാധ്യതകൾ പരിസ്ഥിതി സുസ്ഥിരതയിലേക്കും വ്യാപിക്കുന്നു. AI നൽകുന്ന സ്മാർട്ട് സിസ്റ്റങ്ങൾക്ക് ഊർജ്ജ ഉപഭോഗം നിരീക്ഷിക്കാനും നിയന്ത്രിക്കാനും വിഭവ ഉപയോഗം ഒപ്റ്റിമൈസ് ചെയ്യാനും പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളുടെ വികസനത്തിന് സംഭാവന നൽകാനും കഴിയും. കാലാവസ്ഥാ വ്യതിയാനത്തെ അഭിസംബോധന ചെയ്യുന്നതിലും കൂടുതൽ സുസ്ഥിരമായ ഭാവി സൃഷ്ടിക്കുന്നതിലും AI-നയിക്കുന്ന പരിഹാരങ്ങൾ നിർണായക പങ്ക് വഹിക്കുന്നു.

മുന്നോട്ട് നോക്കുമ്പോൾ, ഓട്ടോണമസ് വാഹനങ്ങളിൽ AI യുടെ സംയോജനം ഗതാഗതത്തിൽ ഒരു പരിവർത്തന അവസരം നൽകുന്നു. AI അൽഗോരിതങ്ങൾ

വാഹനങ്ങളെ നാവിഗേറ്റ് ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും പരസ്പരം ആശയവിനിമയം നടത്തുന്നതിനും സുരക്ഷിതവും കൂടുതൽ കാര്യക്ഷമവുമായ ഗതാഗത സംവിധാനങ്ങൾക്ക് വഴിയൊരുക്കുന്നു.

ഈ അവസരങ്ങൾ ഉണ്ടായിരുന്നിട്ടും, നൈതിക പരിഗണനകൾ, ജോലി സ്ഥലംമാറ്റം, AI അൽഗോരിതങ്ങളിലെ പക്ഷപാതം തുടങ്ങിയ വെല്ലുവിളികൾ പരിഹരിക്കപ്പെടണം. ഉത്തരവാദിത്തമുള്ള AI വികസനവും വിന്യാസവും ഉറപ്പാക്കാൻ ധാർമ്മിക മാർഗ്ഗനിർദ്ദേശങ്ങളും നിയന്ത്രണങ്ങളും അത്യന്താപേക്ഷിതമാണ്. കൂടാതെ, തൊഴിൽ ശക്തിയെ പുനഃസ്ഥാപിക്കുന്നതിനും AI വികസനത്തിൽ ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നത് ലഘൂകരിക്കുന്നതിന് നിർണായകമാണ്.

ഉപസംഹാരമായി, ആരോഗ്യ സംരക്ഷണവും ബിസിനസ്സും മുതൽ വിദ്യാഭ്യാസവും സുസ്ഥിരതയും വരെയുള്ള വിവിധ ഡൊമെയ്‌നുകളിൽ AI അഭൂതപൂർവമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ പരിവർത്തന സാങ്കേതികവിദ്യയുടെ മുഴുവൻ സാധ്യതകളും അൺലോക്ക് ചെയ്യുന്നതിനും AI സമൂഹത്തിന് ക്രിയാത്മകമായി സംഭാവന ചെയ്യുന്ന ഒരു ഭാവി സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള AI വികസനം സ്വീകരിക്കുന്നതും അനുബന്ധ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതും അത്യന്താപേക്ഷിതമാണ്.

യൂസഫ് ബി ഐ
(എസ്.ഐ.ടി.സി)





# മനോഹരമായ
# സമ്മാനം

നല്ല ചങ്ങാതിമാർ ശരിക്കും ഭക്ഷണം പോലെയാണ്. ഭക്ഷണം എത്ര കഴിച്ചാലും മതിയാകില്ല രാവിലെ കഴിച്ചാൽ വീണ്ടും ഉച്ചയ്ക്ക് കഴിക്കേണ്ടതായി വരുന്നു. അതുപോലെയാണ് സൗഹൃദങ്ങളും എത്രയുണ്ടായാലും മതി വരില്ല, നമ്മളെ ഇങ്ങനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് നമുക്ക് ചുറ്റുമുള്ള സൗഹൃദങ്ങളാണ് അതുകൊണ്ട് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന് കൊടുക്കാവുന്ന ഏറ്റവും മനോഹരമായ സമ്മാനം ഒരു നല്ല സൗഹൃദം സമ്മാനിക്കലാണ് ഇത് ഏതൊരു ബന്ധം എടുത്തു നോക്കിയാലും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ പ്രശസ്ത കവി ബാലചന്ദ്രൻ ചുള്ളിക്കാട് മനോരമ ന്യൂസിന് കൊടുത്ത ഒരു ഇന◌്റർവ്യൂവിൽ തന്റെ ഭാര്യയായ വിജയലക്ഷ്മിയെ പ്രശസ്ത കവിയത്രി കൂടിയാണ് അവർ ഇന്റർവ്യൂവിന്റെ പല ഭാഗങ്ങളിലും അവരെ ബാലചന്ദ്രൻ ചുള്ളിക്കാട് വിശേഷിപ്പിക്കുന്നത് സുഹൃത്ത് എന്നാണ്.

ഇടയ്ക്ക് ഇന്റർവ്യൂ ചെയ്യുന്ന ജോൺ ചോദിക്കുന്നുണ്ട്, ഭാര്യയെസുഹൃത്ത് എന്നാണോ പറയുന്നത് സാധാരണ ആരും അങ്ങനെ പറയാറില്ലല്ലോ അതിന് അദ്ദേഹം കൊടുത്ത മറുപടി ഇതാണ് ജോണി സൗഹൃദമാണ് എല്ലാ നല്ല ബന്ധങ്ങളെയും അടിസ്ഥാനം എന്നാണ് എല്ലാ നല്ല ബന്ധങ്ങളും അടിസ്ഥാനതത്വം എന്ന് പറയുന്നത് നല്ല സൗഹൃദങ്ങളാണ്

# കാറ്റ്




മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിമ്മുഖം കാണുവാനെത്രനാളായി
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ലപ്പക്ഷേ
ഉമ്മവയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെൻ്റെ കണ്മുൻപിൽ വന്നുകൂടെ
മുല്ലപ്പൂ തല്ലിക്കൊഴിച്ചകാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ -
നിമ്മുവം കാണുവാനെത്ര
നാളായി ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ.
എങ്ങുമേ കാണുവാനില്ല പക്ഷേ ഉമ്മവയ്ക്കുന്നു
നീയെൻ കവിളിൽ ഒന്നെൻ്റെ
കണ്മുൻപിൽ വന്നുകൂടെ ഒന്നിച്ചൊരല്പം
കളിച്ചു കൂടെ




ഒരു ദിവസം ആളുകൾ തിങ്ങിനിറഞ്ഞ ഒരു സ്ഥലത്ത് ഒരു ചെറുപ്പക്കാരൻ അലറാൻ തുടങ്ങി ജനങ്ങളെ ലോകത്തിലെ ഏറ്റവും സുന്ദരമായ ഹൃദയം എനിക്കുണ്ട് അവന്റെ സുന്ദരമായ ഹൃദയം തികഞ്ഞ ആകൃതിയിൽ ഒരു കുറവുമില്ല കണ്ട് ആളുകൾ അമ്പരന്നു.

അത് വളരെ അത്ഭുതകരമായി തോന്നി അവന്റെ ഹൃദയം കണ്ടവരിൽ ഭൂരിഭാഗവും അവന്റെ ഹൃദയ സൗന്ദര്യത്തിൽ ആകർഷക ആവുകയും അവന് പ്രശംസിക്കുകയും ചെയ്തു എന്നിരുന്നാലും ഒരു വൃദ്ധൻ ചെറുപ്പക്കാരനെ വെല്ലുവിളിച്ചു ഇല്ല മോനെ ലോകത്തിലെ ഏറ്റവും മനോഹരമായ ഹൃദയം എനിക്കുണ്ട് ആ ചെറുപ്പക്കാരൻ അയാളോട് ചോദിച്ചു എങ്കിൽ നിന്റെ ഹൃദയം എനിക്ക് കാണിച്ചു താ ... വൃദ്ധൻ തന്റെ ഹൃദയം അയാളെ കാണിച്ചു അത് വളരെ പരിക്കനം ആ സന്തുലിതവും ആയിരുന്നു എല്ലായിടത്തും പാടുകൾ ഉണ്ടായിരുന്നു കൂടാതെ ഹൃദയം ആകൃതിയിൽ ആയിരുന്നില്ല . ചില നിറങ്ങൾ കൂട്ടിച്ചേർത്ത് കഷണങ്ങൾ പോലെ കാണപ്പെട്ടു ചില പരിക്കേന അരികുകൾ ഉണ്ടായിരുന്നു ചില ഭാഗങ്ങൾ നീക്കം ചെയ്യുകയും മറ്റു കഷണങ്ങൾ ഘടുപ്പിക്കുകയും ചെയ്തിരുന്നു. ചെറുപ്പക്കാരൻ ചിരിക്കാൻ തുടങ്ങി എന്നിട്ട് പറഞ്ഞു എന്റെ പ്രിയപ്പെട്ട വൃദ്ധ നിങ്ങൾ ഭ്രാന്തനാണോ നോക്കൂ എന്റെ ഹൃദയമോ എത്ര മനോഹരവും കുറ്റമറ്റവുമാണ് എന്റെ ഹൃദയത്തിൽ ഒരു ചെറിയ അപൂർണത പോലും നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നില്ല കണ്ടോ നിന്റെയോ അതിൽ നിറയെ പാടുകളും മുറിവുകളും കളങ്കവുങ്ങുമാണ് നിങ്ങളുടെ ഹൃദയം മനോഹരമാണെന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും . പ്രിയ മകനെ എന്റെ ഹൃദയവും നിന്റെ ഹൃദയം പോലെ മനോഹരമാണ് ആ പാടുകൾ കണ്ടോ ഓരോ പാടുകളും ഓരോ വ്യക്തിയുമായി പങ്കിട്ട . സ്നേഹത്തെ പ്രതിനിധീകരിക്കുന്നു . മറ്റുള്ളവരുമായി പങ്കിടുന്നു പകരം എനിക്കൊരു കഷണം ഹൃദയവും ലഭിക്കുന്നു ആകർഷണം ഞാൻ കീറിയ സ്ഥലത്ത് സ്ഥാപിക്കുന്നു പറഞ്ഞു യുവാവ് ഞെട്ടിപ്പോയി വൃതം തുടർന്നു ഞാൻ പങ്കിട്ട ഹൃദയ കഷണങ്ങൾ തുല്യമോ ഒരേ ആകൃതിയിലോ വലിപ്പത്തിലും അല്ലാത്തതിനാൽ എന്റെ ഹൃദയത്തിന്റെ കഷ്ണങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു എന്റെ ഹൃദയം ആകൃതിയിൽ അല്ല കാരണം ചിലപ്പോൾ ഞാനത് നൽകിയതെന്ന് പകരമായി എനിക്ക് സ്നേഹ ലഭിക്കുന്നില്ല മുറിവുകൾ ഒന്നുമില്ലാതെ പുതുമയുള്ളതും പുതുമയുള്ളതും നിറഞ്ഞതുമായ നിങ്ങളുടെ ഹൃദയസൂചിപ്പിക്കുന്ന നിങ്ങൾ ഒരിക്കലും ആരുമായി സ്നേഹം പങ്കിട്ടില്ലെന്നാണ് അത് ആ ചെറുപ്പക്കാരൻ ഒന്നും മിണ്ടാതിരുന്നു അവന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകാൻ തുടങ്ങി ഹൃദയത്തിന് ഒരു കഷണം കയറിയ ആ കഷണം വൃദ്ധന് കൊടുത്തു പലരുംശാരീരിക സൗന്ദര്യത്തിന് പ്രാധാന്യം ബഹുമാനം നൽകുന്നു എന്നിരുന്നാലും യഥാർത്ഥ സൗന്ദര്യം ശാരീരികം അല്ല.



ഗുണപാഠം ആരെയും ചെറുതായി കാണരുത്

# എന്റെ വയനാട്








വയനാട് പ്രകൃതി അനുഗ്രഹിച്ച കേരളത്തിലെ മലയോര ജില്ല മലകളും പുഴകളും ഹരിതാഭയും നിറഞ്ഞു കവിഞ്ഞ എന്റെ വയനാട് കണ്ണിനു മനസ്സിനും കുളിർമ പകരുന്നത് ഇതാണ് ചുരം കയറിയുള്ള വയനാടിന് യാത്രകൾ ചുരം കയറി മാത്രമേ ഏതൊരു യാത്രക്കാരനും വയനാട്ടിൽ എത്താൻ സാധിക്കുകയുള്ളൂ താമരശ്ശേരി ചുരം, പേരിയ ചുരം പാൽ ചുരം എന്നിങ്ങനെ ചുരങ്ങൾ നിരവധി ഏത് ചുരം കയറിയാലും ഒന്നിനൊന്നു മനോഹരം മനുഷ്യനും പ്രകൃതിയും മൃഗങ്ങളും ഒത്തൊരുമയോടെ കഴിയുന്ന നാട് നിറയെ പൂരഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളും ഇരുവശങ്ങളെ പുളകമണിയിക്കുന്ന വയലും ഒക്കെയാണ് എല്ലാവരെയും ആകർഷിക്കുന്നത്

കേരങ്ങളുടെ നാട് കേരളം എന്നു പറയുന്നതു പോലെ വയലുകളുടെ നാട് വയനാട് കുറച്ചു ദിവസങ്ങളായി നമ്മൾ പത്രമാധ്യമങ്ങളിൽ മാധ്യമങ്ങളിൽ ആനകളെ കുറിച്ചും കുറേയേറെ കേട്ടതാണല്ലോ വളരെ ഭീതിയോടെയാണ് ഇപ്പോൾ വയനാട്ടിൽ ഉള്ളവർ കഴിഞ്ഞു പോകുന്നത്

വയനാട്ടിൽ കൂടുതലായി കണ്ടുവരുന്ന ഗോത്രവർഗ്ഗക്കാരാണ് ആദിവാസികൾ. ആദ്യം വസിച്ചവർ എന്ന അർത്ഥത്തിലാണ് ആദിവാസികൾ എന്ന് പറയുന്നത്, പക്ഷേ ക്ലാസിൽ ടീച്ചർ എന്തെങ്കിലും ആദിവാസികളെ കുറിച്ച് പറഞ്ഞാൽ പരിഹസിച്ച് ചിരിക്കും അവർ മനുഷ്യരാണെന്ന് പോലും അംഗീകരിക്കാൻ ആളുകൾക്ക് മടിയാണ് റെയിൽവേ പാതകളോ വിമാനത്താവളങ്ങൾ ഇല്ലാഞ്ഞിട്ട് കൂടിയും പ്രിയപ്പെട്ടതാണ് വയനാട്ടിലേക്ക് വിനോദയാത്രകൾക്കായി എത്തുന്നവർ കുന്നും മലയും കയറി ആസ്വദിക്കുന്നു എന്റെ വയനാട് എനിക്കൊന്നുംഅഭിമാനമാണ്

**ഹനാ സാലിയ T**



# INVINCIBILITY OF OUR UNIVERSE


Ahammed junaid
HST Physical Science
GHSS Alampady Kasaragod

## *Objective*

To investigate and discuss the feasibility of conquering the universe, and to explore the limits of human understanding and exploration of the cosmos.

## *Abstract*

The number of galaxies in the observable universe is big area of active research. Estimates suggest that there may be as many as 200 billion galaxies in the observable universe, each containing billions of stars. The distances between these galaxies are vast, with some being separated by billions of light-years. Finally, the question of whether the universe is infinite or finite is still a subject of debate among scientists. Some theories suggest that the universe may be finite, with a defined boundary beyond which there is nothing, while others propose that it may be infinite, with no boundary or edge.



Overall, the size of the universe is a complex and fascinating topic that continues to be explored and studied by scientists using a variety of methods and techniques. While we have made significant progress in understanding the scale and structure of the universe, there remains much to be discovered about the nature of the cosmos and the mysteries it holds.

## *Methodology*

* Literature Review: A comprehensive review of existing literature on space exploration, astronomy, astrophysics, and cosmology was conducted to identify the current state of knowledge and understanding of the universe.

* Data Analysis: Relevant data from credible sources such as NASA, European Space Agency, and other reputable organizations were analyzed to understand the scope and limitations of human exploration and understanding of the universe.


* Expert Opinion: Experts in the fields of space exploration, astronomy, astrophysics, and cosmology were consulted to gain insights into the challenges and limitations of conquering the universe.

## *Findings*

* The universe is vast and complex, with an estimated 100-400 billion stars in the Milky Way galaxy alone, and over 100 billion galaxies in the observable universe.

* Human exploration and understanding of the universe is limited by technological constraints, such as the speed of light, which restricts our ability to explore distant regions of the universe.

* The universe is still largely uncharted, with many areas remaining inaccessible due to extreme temperatures, radiation, and other hostile conditions.



## *Conclusion*

While humans have made significant strides in exploring and understanding the universe, conquering it in its entirety remains an unrealistic goal given current technological and ethical constraints. However, continued scientific research and advancements in technology may lead to new discoveries and opportunities for exploration in the future. Ultimately, the question of whether we can conquer the universe is a complex one that requires ongoing debate and discussion among experts in the field.Exploring the Limits of Human Exploration and Understanding of the Universe

## *References*

1. ”The Elegant Universe” by Brian Greene

2. ”A Brief History of Time” by Stephen Hawking

3. ”Cosmos” by Carl Sagan

4. ”The Fabric of the Cosmos” by Brian Greene

5. ”The Multiverse Hypothesis” by Alan Lightman



# വികൃതിയുടെ കൂട്ടുകാരി



എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു പുസ്തകമാണ് ടോട്ടോച്ചാൻ തെത് സുകോ കുറോയാനഗി എഴുതിയ ജനാലയ്ക്കരിയിലെ വികൃതി കുട്ടി എന്ന പുസ്തകം കുട്ടിക്കാലത്തെ കുറുമ്പുകളും കുസൃതികളും ആണ് കൂടുതലും ഉള്ളത്

ചെറുപ്പത്തിൽ ടോട്ടോ യെ പള്ളിക്കൂടത്തിൽ നിന്ന് പുറത്താക്കിയ വിവരം പറയാതെ ഉയർന്ന നിരവധി നിലവാരമുള്ള കുട്ടിയാണെന്ന് പറഞ്ഞാണ് പുതിയ പള്ളികുടമായ ടോമോ സ്കൂളിലേക്ക് ടോട്ടോയെ ചേർത്തത് പഴയ പള്ളിക്കൂടത്തിൽ നിന്ന് പുറത്താക്കാനുള്ള കാരണം അവളുടെ വികൃതി തന്നെയാണ്. എല്ലാവരും അവളോട് "നീയൊരു ചീത്ത കുട്ടിയാ" എന്ന് പറയുമ്പോൾ കുട്ടിയാണെന്ന് പറയുമ്പോൾ നേരയുട്ടം നീയൊരു നല്ല കുട്ടിയാണെന്ന് പറഞ്ഞ് കൂടെ നിന്ന കോബായാഷി മാസ്റ്ററെ അവൾ സ്നേഹിച്ചു. ടോട്ടോച്ചൻ എന്നാ വികൃതി പെൺകുട്ടിയുടെ ഹൃദയം കവർന്നത് റ്റോമോ എന്ന വിദ്യാലയവുംഅവളെ ഏറ്റവും സങ്കടപ്പെടുത്തിയത് യാസുകിയുടെ മരണമാണ് ഈ കഥ എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു ഇനിയും ഒരുപാട് പുസ്തകങ്ങൾ വായിച്ച് മനസ്സ് മലർത്തോപ്പായി മാറട്ടെ



# അശ്വതിയുടെ
# പ്രകൃതി സ്നേഹം

പതിവുപോലെ അവൾ അതിരാവിലെ എഴുന്നേറ്റ് പുറത്തേക്കോടി കുറേ മുമ്പ് പൂന്തോട്ടത്തിന്റെ കുറെ പൂമ്പാറ്റകൾ പാറി പറക്കുന്ന അവൾ പുറത്തേക്കോടിയും അവിടുത്തെ പൂമ്പാറ്റകളോടൊത്ത് അവൾ കളിച്ച കളിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ വിളിച്ച അശ്വതി വേഗം വാ വന്നു കുളിക്ക് അവൾ കുളിച്ച പോകാൻ റെഡിയായി ഭക്ഷണം കഴിച്ച അച്ഛൻ കാർ സ്റ്റാർട്ട് ആക്കി കാറിൽ കയറി ഇരുന്നു കാഴ്ചകൾ നിറഞ്ഞ വഴികളിലൂടെ കാർ മുന്നോട്ട് നീങ്ങി ചുറ്റിലും മരങ്ങളും കുന്നുകളുംതോട്ടുകളും പാലങ്ങളും വയലുകളും എങ്ങും കണ്ണിന് കുളിർമയേകുന്ന കാഴ്ചകൾ അങ്ങനെ കാർ ഗ്രാമത്തിലെ ഒരു ഇടവഴിയുടെ നീങ്ങി അവിടെ കുറേ കുട്ടികൾ കളിക്കുന്നു.അവർ കളി നിർത്തി കാറിലേക്ക് നോക് അശ്വതി അവർക്ക് റ്റാറ്റാ കൊടുത്ത അവൾക്ക് സന്തോഷമുള്ള ഒരു നിമിഷമായിരുന്നു അത്. അമ്മൂമ്മയുടെ വീട്ടിൽ എത്തിയതേ അറിഞ്ഞില്ല അവൾ വേഗം അമൂമ്മയുടെ അടുത്തേക്ക് ഓടി അമ്മ വീട്ടുപടിക്കൽ വന്നു അവൾ അമ്മയെ കെട്ടിപിടിച്ചു. അ എല്ലാവരെയും അകത്തേക്ക് ആനയിച്ച അശ്വതി മുറ്റത്തേക്കാണ് ഓടിയത്. പൂവുകൾ നിറഞ്ഞ പൂന്തോട്ടങ്ങൾ . മുങ്ങൾ, പൂമ്പാറകൾ. കിളികൾ, തെങ്ങുകൾ മാവുകൾ നാവ് മുറ്റത്ത് ആകെ തണൽ ആയിരുന്നു. പിന്നിട്ട് തത്തക്കൂട്ടിലേക്ക് പോയ തത്ത എന്നെ കണ്ടപ്പോൾ കരയാൻ തുടങ്ങി അവിടുന്ന് പോയി പിന്നെ വീടിനകത്തേക്ക് കയറി കുളിച്ച് ചോറ് കഴിച്ച മുറ്റത്തേക്ക് ഇറങ്ങി ഇപ്രാവശ്യം അമ്മൂമ്മയുടെ കൂടിയാണ് നടത്താം . അമ്മൂമ്മ എന്നെ തോട്ടത്തിലേക്ക് കൊണ്ടുപോയി അവിടെ പുഴ തോട് മീൻ പാലം ചൂണ്ടയിടുന്ന കുട്ടികൾ ചേന ചേമ്പ് പൂമ്പാറ്റകൾ ഇങ്ങനെ കുറെ കാഴ്ചകൾ എന്റെ മനസ്സിൽ സന്തോഷം വന്നു എന്നവൾ മനസ്സിൽ പറഞ്ഞു അമ്മൂമ്മ പറഞ്ഞു വാ മോളെ നമുക്ക് പുഴയോരത്ത് പോകാം എനിക്ക് സന്തോഷമായി അവൾ ചാടി കയറി പുഴയോരത്ത് ഇരുന്നു ഹായ് മീനുകളെ പിടിക്കുന്ന കുട്ടികൾ കുറച്ച കുട്ടികളെ അടുത്തു വന്നിരുന്നു എന്നിട്ട് എന്നോട് കുറേ സംസാരിച്ച അവരുടെ അശ്വതിയും . കൂട്ടായി അവൾ പുഴയിൽ ഇറങ്ങി ആഴമില്ലാത്ത വെള്ളം കുറഞ്ഞു പുഴ കുഴിയിൽ കാലിട്ടപ്പോൾ കുളിർമരുന്ന് തണുപ്പ് അവളെ തഴുകി . അമ്മൂമ്മയുടെ ഗ്രാമത്തിലെ കാഴ്ചകൾ അവളെ ആനന്ദിപ്പിച്ചു.






# മഴവില്ല്

ആകാശത്തിൻ ചെരുവിൽ കണ്ടോ
ആഹാ മാർ മഴവില്ല്
ആരിതു ചേലിൽ കാവടി പോലെ
ചാരിനിർത്തി മാനത്ത്
ഏഴു നിറങ്ങൾ ചൂടും വില്ലതു
കാണാൻ ആർക്കും ഇഷ്ടം
കാണും തോറും മഴവില്ലടനെ
മായുന്നല്ലോ കഷ്ടം



# വൈക്കം മുഹമ്മദ് ബഷീർ



1908 ജനവരി 21ന് ജില്ലയിലെ വൈക്കത്തിനടുത്തുള്ള തലയോലപ്പറമ്പിൽ ജനനം പിതാവ് കായി അബ്ദുൽ റഹ്മാൻ കുഞ്ഞാത്തുമ്മ. സഹോദരങ്ങൾ അബ്ദുൽ ഖാദർ പാത്തുമ്മ ഹനീഫ ആനമ അബൂബക്കർ നിർവഹിച്ചത് തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും സ്കൂളിൽ പഠിക്കുമ്പോൾ വീട്ടിൽ നിന്ന് ഒളിച്ചോടി സ്വാതന്ത്രസമര പ്രക്ഷോഭങ്ങളുടെ ഭാഗമായി ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്ര ദേശീയ വാദസംഘം ഉണ്ടാക്കി സംഘത്തിന്റെ മുഖപത്രമായ ഉജ്ജീവനത്തിൽ പ്രഭാ എന്ന തൂലികാനാമത്തിൽ സ്വാതന്ത്ര്യസമര ലേഖനങ്ങൾ എഴുതി വാരിക പിന്നീട് കണ്ടുകെട്ടി 9 വർഷത്തോളം ഇന്ത്യ ഒട്ടാകെ സഞ്ചരിച്ചു കൂടാതെ ആഫ്രിക്ക അറേബ്യ തുടങ്ങിയ രാജ്യങ്ങളും ചുറ്റി സഞ്ചരിച്ചു ഈ കാലങ്ങളിൽ പല തൊഴിലുകൾ ഏർപ്പെട്ടു നിരവധി ഭാഷകൾ സ്വന്തമാക്കി ഹൈന്ദവ സന്യാസിമാരുടെയും സൂഫിവര്യന്മാരുടെ കൂടെ കുറെ കാലം കഴിച്ചുകൂട്ടി ധാരാളം അനുഭവസമ്പത്തോടെ കേരളത്തിൽ മടങ്ങിയെത്തി സാഹിത്യ രചനയിൽ ഏർപ്പെട്ടു

ജീവിതയാഥാർത്ഥ്യങ്ങൾ എന്നിവക്കുള്ളതായിരുന്നു ബഷീറിനെ മിക്ക രചനകളും പ്രണയം ദാരിദ്ര്യം പരിക്കൻ ജീവിതയാഥാർത്ഥ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതായിരുന്നു ബഷിറിന്റെ മിക്ക രചനകളും 1958 ഡിസംബർ 18 ആയിരുന്നു ബഷീറിന്റെ വിവാഹം കഴിച്ചത് ഫാത്തിമ ബീവി ആയിരുന്നു അവർ ഫാബി ബഷീർ എന്നറിയപ്പെട്ടു മക്കൾ ഷാഹിന,അനീസ് പ്രധാന പുരസ്കാരങ്ങൾ കേന്ദ്ര സാഹിത്യ അക്കാദമിഫെല്ലോഷിപ്പ് (1970) കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് (1981) 1982 ൽഇന്ത്യ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു

# അമ്മ മനസ്സ്



നൊന്തു നീയേകേ നാളുകൾ ഏറെ .
റസൂൽ നീ പ്രസവിച്ചു കാത്തിരുന്നേറെ
ജനനിമടിത്തരു നൽപമായേക്കി
കൈതലം താലോലം ഏറ്റു താരാട്ടി
ജനയിത്രി നിന്മാറിടം തന്നെയെനിക്കമൃതം
മാമു തീറ്റിച്ചു നീ മാമനെ കാട്ടി
ജനിയത്രിയാകുവാൻ നേദിച്ചു തീർത്തു
നോമ്പുനോറ്റർത്ഥിച്ചുങ്ങാതിരുന്നു
തളിരിളച്ചുണ്ടിൽ പുഞ്ചിരി പൂത്ത
തായേ നിന്നുള്ളിൽ വസന്തം വിടുന്നു
തള്ളയെന്നു ജോറഭിമാന ഭാവം
തളിർത്തുല്ലസിച്ചു കനിയായി കണ്ടിയായി
അമ്മേ..... നിനക്കു നൽകാന്റെയുള്ളിൽ
ഉള്ളതും പ്രാർത്ഥന മന്ത്രണം മാത്രം ഉമ്മ
നിൻ കാൽച്ചോട്ടിലിലാണെന്റെ സ്വർഗം

ആയിഷത്ത് ആദില അഫ്രീൻ



# അമ്മയെ അനുസരിക്കാത്ത കാവ്യ

കാവ്യ ആറാം ക്ലാസിലാണ് അവളെ സ്കൂളിൽ ഒരു പഠനയാത്ര ഉണ്ടായിരുന്നു ക്ലാസ്സിൽ എല്ലാവരും ടൂറിന് പോകുന്നുണ്ട് എനിക്ക് മാത്രം എന്തോ പ്രത്യേകത കാവ്യ അമ്മയോട് ചോദിച്ചു എനിക്ക് നീയും നിനക്കും ഞാനും മാത്രമേയുള്ളൂ അതാണ് പ്രത്യേകത ആരെയും വിശ്വസിക്കാൻ കൊള്ളാത്ത കാലമാണ് അമ്മ പറഞ്ഞു കൂടെ വരുന്നുണ്ട് പിന്നെ എന്ത് പേടിക്കാനാണ് അവൾ ചോദിച്ചു എപ്പോഴും ഒരുമിച്ച് മാത്രമേ നിൽക്കൂ എന്ന് നീ തന്നെയല്ലേ പറഞ്ഞത് പിന്നെ അവർക്ക് കുട്ടികളെ നോക്കാൻ എവിടെയാ സമയം അമ്മ ചോദിച്ചു അവർ നാണത്തോടെ അമ്മയെ നോക്കി അമ്മ അവളെ വിടുന്ന ലക്ഷണമില്ല എന്ന് അറിഞ്ഞ അവൾ കൂട്ടുകാരിയെ കൊണ്ട് അമ്മയെ വിളിപ്പിച്ചു ഞങ്ങളെല്ലാം പോകുന്നുണ്ട് ഞങ്ങൾ അവളെ നോക്കി കൊള്ളാം കൂട്ടുകാരികൾ പറഞ്ഞു അമ്മയ്ക്ക് സമ്മതിക്കുക അല്ലാതെ മാർഗ്ഗമില്ലായിരുന്നു കാവ്യ അമ്മയെ കെട്ടിപ്പിടിച്ചു അഞ്ചുദിവസത്തേക്കാണ് ടൂർ അഞ്ചു ദിവസം അവൾ അടുത്തു നിന്ന് മാറിനിൽക്കുന്ന ഇത് ആദ്യമായാണ് അമ്മയുടെ സങ്കടം കണ്ടു എങ്കിലും അവൾ അത് മൈൻഡ് ചെയ്തില്ല അവളുടെ മനസ്സിൽ നിറമുള്ള സ്വപ്നങ്ങൾ ആയിരുന്നു രണ്ടുദിവസം കഴിഞ്ഞപ്പോൾ പറഞ്ഞു രണ്ട് സാറന്മാർ വരുന്നുണ്ട്



ചന്ദ്രൻ മാഷിന്റെ പേര് കേട്ടപ്പോൾ അമ്മയുടെ മുഖം വാടി പിടിഎ മീഡിയം ചെന്നപ്പോൾ അയാൾ ചോദിച്ചത് അമ്മ മറന്നിട്ടില്ല എന്തിനാ ഇങ്ങനെ ജീവിതം പാഴാക്കുന്നത് ഞങ്ങളൊക്കെ ഇവിടെയില്ലേ ആരും കേൾക്കാതെയാണ് പറഞ്ഞത് തമാശയായിട്ടാണ് പറഞ്ഞതെങ്കിലും അതൊരു ചൂണ്ടയാണെന്ന് അമ്മയ്ക്ക് അറിയാമായിരുന്നു. പിന്നെ അനാവശ്യമായ ചില ഫോൺ കോളുകളും അയാളുടെ ഭാഗത്തും ഉണ്ടാകാറുണ്ട് കവിയെ പറ്റി പറയാൻ എന്ന ഭാവത്തിലാണ് വിളിക്കുന്നത് പക്ഷേ ഉദ്ദേശം വേറെയാണെന്ന് അമ്മയ്ക്ക് അറിയാം അവധിക്ക് നമുക്കൊന്നിച്ച് ടൂർ പോകാം അതുപോലെ എന്ന് അമ്മ ചോദിച്ചു അവൾ വീണ്ടും പിണങ്ങി അമ്മ സമ്മതിച്ചു ടൂറിന് അവളെ യാത്രയൊക്കെ ചെന്നപ്പോൾ ചന്ദ്രൻ മാഷ് ചോദിച്ചു എന്തുപറ്റി മുഖത്തൊരു സന്തോഷം ഇല്ലല്ലോ അമ്മ മറുപടിയൊന്നും പറഞ്ഞില്ല ഇത് ഒരാഴ്ചത്തെ കാര്യമല്ലേ ഉള്ളൂ പക്ഷേ നാളെ പെണ്ണ് കല്യാണം കഴിച്ച പോകും ഓർമ്മവേണം കുസൃതിച്ചിരിയുടെ അയാൾ പറഞ്ഞു വിട്ടു അമ്മ വീട്ടിലേക്ക് മടങ്ങി പിന്നെയുള്ള എല്ലാ ദിവസവും അവളെ മാത്രമേ ചിന്ത ഉണ്ടായിരുന്നുള്ളൂ

അലീമത്ത് ഷൈമ



# ഒരു ദിനം

ചെറുപുഞ്ചിരിയിൽ ഉണരും പ്രഭാതമേ

ഇളം വെയിൽ ആയി കുളിരും പ്രകാശമേ

പുതുതണലായി പുൽകും സന്ധ്യയെ

ചെറുനിലാവായി

പകരും നിദ്രയും

പുഞ്ചിരിയായും ഇളം വെയിൽ ആയും

പുതുതണലായും ചെറുനിലാവായും

എന്നിൽ

പകരുന്നു നീ എന്ന ദിനവും

ആയിഷത്ത് റിയ 7 c





# ലോക് ഡൗൺ കാലത്തെ
# പ്രകൃതി

വന്യജീവികളെ ചിത്രീകരിച്ച ഒരു കാർട്ടൂൺ സോഷ്യൽ മീഡിയയിൽ കണ്ടത് വളരെ കൗതുകം ഉണ്ടായിരുന്നു മനുഷ്യൻ മാത്രമാണ് പാർപ്പിടം ഒരുക്കുന്നത് വാഹനം ഉപയോഗിച്ച് മാലിന്യപ്പെടുത്തുക അന്തരീക്ഷത്തിൽ തള്ളുന്നത് പ്രകൃതിയിലെ ഇന്ധനങ്ങൾ കത്തിച്ച് ഇല്ലാതാക്കുന്നത് കൃത്രിമ വസ്തുക്കൾ ഉണ്ടാക്കുന്നത് എന്നാൽ ഒരു കുഞ്ഞു വൈറസിനെ പേടിച്ച് അടച്ചിട്ടതിനാൽ കുറേ ദിവസത്തേക്ക് അതിനൊക്കെ ഒരു അറുതി വന്നു എന്ന് വേണം കരുതാൻ ഇതൊക്കെ കാണുമ്പോൾ വൈറസ് വീതി അകന്നാലും വർഷത്തിൽ ഒരു പത്ത് ദിവസമെങ്കിലും ഇതേപോലെ അടച്ചിടൽ ആചരിക്കുന്നു എന്ന് തോന്നിപ്പോകും.

പ്രകൃതിക്ക് ഒരു താളക്രമമുണ്ട് ജന്തുക്കളുടെയും സസ്യങ്ങളുടെ എണ്ണം ക്രമീകരിച്ച് ജൈവ വൈവിധ്യം നിലനിർത്തിയും എല്ലാ ജീവികളുടെയും എണ്ണം കൃത്യമായി താളക്രമം നിലനിർത്താൻ പ്രകൃതിക്ക് കഴിയുമായിരുന്നു അതിനാൽ എല്ലാ ജീവികളുടെയും ആവശ്യത്തിന് ഭക്ഷണവും ശുദ്ധവായും ശുദ്ധജലവും വാസസ്ഥാനവും ഉണ്ടായിരുന്നു പക്ഷേ മനുഷ്യന്റെ കടന്നാക്രമണം അത് തെറ്റിച്ചു.

ലോകമാകെ കോവിഡ് 19 മൂലമുള്ള അടച്ചിടലിനു ശേഷം പരിസ്ഥിതിയിൽ വലിയ മാറ്റങ്ങളാണ് വന്നുകൊണ്ടിരുന്നത് കൂട്ടിൽ അടക്കപ്പെട്ട മനുഷ്യനെ കാണാൻ എത്തുന്ന

നമ്മുടെ യാത്രകൾ, ആഘോഷങ്ങൾ, ചടങ്ങുകൾ, സമ്മേളനങ്ങൾ, കളികൾ തുടങ്ങിയവയെല്ലാം നിർത്തിവച്ചു. എന്നിട്ട് ആർക്കും ഒന്നും സംഭവിച്ചില്ല സംഭവിക്കുകയുമില്ല ഭൂമിയിൽ മനുഷ്യനൊഴികെയുള്ള ജന്തുക്കളും സസ്യങ്ങളും ആഘോഷത്തിൽ ആയി ഇതാണ് കാട്ടിൽ നിന്ന് നാട്ടിൽ നിന്നും ഇന്ന് കേൾക്കുന്ന വിശേഷങ്ങൾ

ആയിഷത്ത് ആദില അഫ്രിൽ

7C





# ഭൂമിയുടെ അവകാശികൾ

മലയാളം നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന വൈക്കം മുഹമ്മദ് ബഷീർ നർമ്മം തുളുമ്പുന്ന ലളിത ഭാഷയിലുള്ള അദ്ദേഹത്തിന്റെ രചനകൾ അനുവാചക ഹൃദയം കീഴടക്കിയിട്ടുള്ളവയാണ്.

വൈക്കം മുഹമ്മദ് ബഷീറിന്റെ കഥകളിൽ ഒന്നാണ് ഭൂമിയുടെ അവകാശികൾ മറ്റ് കൃതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ രചനയാണിത് രണ്ടേക്കർ തെങ്ങിൻ പറമ്പും അതിൽ ഒരു വീടും സ്വന്തമാക്കിയ കഥാനായകന്റെ കൊച്ചു സാമ്രാജ്യത്തിലേക്ക് അനുവാദമില്ലാതെ കടന്നു വരുന്ന ഒരു കൂട്ടർ എന്നു പറഞ്ഞു കൊണ്ടാണ് കഥ ആരംഭിക്കുന്നത് .. മുദ്രപത്രത്തിൽ അവകാശമില്ലാത്ത മുള്ളിവേലികളെയും ഇരുമ്പ് കേറ്റിയും സർവ്വോപരിശാന ഉശിരം നായയെയും വകവക്കാത്ത തന്റെ പറമ്പിലേക്ക് കടന്നുവരുന്ന പൂമ്പാറ്റകളെയും പക്ഷികളെയും മറ്റ് ജീവജാലങ്ങളെ നോക്കിക്കൊണ്ട് പറമ്പിൽ എന്താണ് അവകാശം എന്ന ചിന്തയിലൂടെയാണ് കഥ വികാസിതമാകുന്നത്.



പ്രകൃതിവിഭവങ്ങളുടെ അവകാശം മനുഷ്യൻ മാത്രമല്ലെന്നും മറ്റ് ജീവജാലങ്ങൾക്ക് കൂടിയാണെന്ന് കഥയിലൂടെ നീളം കഥാകാരൻ ഊന്നിപ്പറയുന്നുണ്ട് മനുഷ്യന് ഉപദ്രവകാരികളായ ജീവികളെ ഭാര്യ കൊല്ലുമ്പോൾ അത് തെറ്റാണ് ഒരു ജീവിയെ പോലും കൊല്ലാനോ ഉപദ്രവിക്കാനോ പാടില്ല എന്ന പാഠവും അദ്ദേഹം പകർന്നു നൽകുന്നുണ്ട് 500 കൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവ്വ ജന്തുക്കളും പക്ഷികളും മൃഗങ്ങളും എല്ലാ മനുഷ്യരും കൊന്നൊടുക്കും മരങ്ങളെയും ചെടികളെയും നശിപ്പിക്കും എന്നിട്ട് ഒന്നടങ്കം വാഴും ഈ വാക്കുകളുടെ ദീർഘവീക്ഷണം ഒളിഞ്ഞിരിക്കുന്നുണ്ട് കാലം കഴിയുന്തോറും മനുഷ്യന്റെ സ്വാർത്ഥത കൂടി വരികയുള്ളൂ എന്ന വാക്കിൽ കൂടിയും ഇതിലുണ്ട് അതുകൊണ്ടുതന്നെ കാലം എത്ര കഴിഞ്ഞാലും ഈ കഥ വിഭാവനം ചെയ്യുന്ന ആശയത്തിന്റെ പ്രസക്തി വർധിക്കുകയുള്ളൂ.

കരിക്ക് കൂമൻ കുത്തുക വവ്വാൽ മനുഷ്യന്റെ ആത്മാവാണ് എന്നൊക്കെ പറയുന്നത് പ്രയോഗത്തെക്കുറിച്ച് ചിന്തിക്കാതെ പണ്ടെങ്ങോ കേട്ട ഒരു അന്ധവിശ്വാസത്തെ അതേപോലെ പിന്തുണ വിഭാഗത്തിൽ വിമർശിക്കുക കൂടി ചെയ്യുന്നുണ്ട് ഓർക്കുക ജീവികളായ സർവ്വ ജീവജാലങ്ങളെയും ഭൂമിയുടെ അവകാശികൾ എന്നാണ് ബഷീർ എന്ന ഇതിഹാസനായകൻ അക്ഷരങ്ങൾ കൊണ്ട് തീർത്തുള്ള മാസ്മരിക ലോകത്തേക്ക് ഒരിക്കലെങ്കിലും കടന്നു ചെല്ലണം പൂർണ്ണതയോടെ നമ്മിലേക്ക് എത്തുകയുള്ളൂ

# ഓണക്കാഴ്ച



ഓണം വരുന്നുണ്ട് വീണ്ടും ഇനി
ഓർമ്മ കുളിരും ചിരിയുമായി
ഊഞ്ഞാലിൽ ആടി തിമിർത്തുകാലം
ളികളിൽ ആകെ തളർന്ന ബാല്യം
ഉപ്പേരി തിന്നു നിറഞ്ഞ ഓണം
പൂപ്പാട്ടിനൊപ്പം പൊലിച്ചൊരോണം
തൊടിയിലെ പലതരം പൂക്കൾ നുള്ളി
പൂക്കളം ഇട്ടു
പൂമാറ്റി വീണ്ടും മുത്തശ്ശി
വച്ചോരടപ്രഥമൻ
മൂക്കറ്റമേളം കുടിച്ച കാലം
മാവേലി നാട് വാണിടും കാലം
മാനസമാകെ പുലർന്ന കാലം
ഒക്കെയും കൗതുക മോർത്തെടുക്കാൻ
കൂട്ടുകാരൊപ്പം രസിച്ചു പാടാൻ

ഖദീജത്ത് സഫ





# നീ വരുന്നോ...

ഇള വെയിലത്ത് തെളിമാനം നോക്കി
ഓർമകളുടെ മഴ നനയാൻ
ഇലഞ്ഞി പൂക്കൾ പൊഴിഞ്ഞു നിറഞ്ഞ
പുഴകീയ കരയിലിരുന്ന് ഒരുപാട് ഇഷ്ടത്തോടെ
ഒത്തിരിയെല്ലാം മൗനമായി മൊഴിയാൻ
മഞ്ഞു പെയ്യുന്ന രാത്രി മനസ്സിന്റെ
തണൽ കാറ്റിലൂടെ കൈകോർത്ത് നടക്കാൻ

ആയിഷത്ത് ദിയ

7C



# കിനാവുകളുടെ കല്ലറ




കുട്ടിക്കിഴിച്ച് നോക്കിയപ്പോൾ കിട്ടുന്ന ഉത്തരം ശരിയാണെങ്കിലും ഒന്നുകൂടി കൂട്ടിയും കിഴിച്ചും നോക്കുന്നത് ശരിയല്ലേ
അവൾ ഉമ്മറ പടിമേൽ ഇരുന്ന്
ചിന്തയുടെ മായാലോകത്തേക്ക് തിരിച്ചു.
തലച്ചോറിൽ ചിതലരിച്ചു
തുടങ്ങിയിരിക്കുന്നു. ഇൻസുലേറ്റ്
ചെയ്യാത്ത ഭ്രാന്തൻ ചിന്തകൾ
കടന്നുപോയ വഴികൾ
കരിഞ്ഞുണങ്ങിയിരിക്കുന്നു.
പൂർണമായും
കരിഞ്ഞിട്ടില്ലാത്ത ഭാഗത്ത്
പ്രണയത്തിന്റെ ഇളമഴയിൽ
കിളിർത്ത ഏതാനും
സ്വപ്നങ്ങൾ കലപില കൂട്ടുന്നു
കാതുകൾ പൊതിപ്പിടിച്ചു. കണ്ണുകൾ ഇറുക്കി
അടച്ചു ഇപ്പോൾ അവൾക്കു കേൾക്കാം തന്നെ
നോക്കി കാലം കളിയാക്കി വിളിക്കുന്നു വിഡ്ഢീ........
അല്ലേ...... താൻ ഒരു വിഡ്ഢിയാണെന്ന്
അവൾക്ക് അറിയാം എങ്കിലും കാലത്തിന്റെ ആ
വിളി അവളുടെ കരളിൽ തുളച്ചു കയറി.
പലപ്പോഴായി അവൾക്ക് കിട്ടിയ നിർദ്ദേശങ്ങൾ
അവൾ കണക്കിലെടുത്തേയില്ല മനസിലെ
ജാലക വാതിൽ തുറന്നിരിക്കുന്നത് തനിക്കായല്ല
എന്നറിയാമെങ്കിലും തന്റെ സ്വപ്നക്കിടാക്കളെ
പാൽ കൊടുത്തു വളർത്തുന്നുണ്ട്.
ആത്മനിവൃതിയോടെ.........
ചിന്തയുടെ മാറാല പിടിച്ച ഭാഗങ്ങളിലൂടെ



ക്ഷമയോടെ അവൾ നടന്നു നീങ്ങി.
നേരം സന്ധ്യയായി സൂര്യൻ അസ്തമിച്ച
തേയുള്ളൂവെങ്കിലും കനത്ത ഇരുട്ട് മനസിലും
കോരിച്ചൊരിയുന്ന മഴ മുറ്റത്തും കനത്തു നില്ക്കുന്നു.
കനത്ത മഴയിലും മനസിൽ സംഘർഷത്തിന്റെ
കനൽക്കാറ്റ് വീശുന്നുണ്ട്.
ആലോചിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല.
ഇടയ്ക്ക് പ്രണയത്തിന്റെ മുല്ലവള്ളികൾ
കാറ്റത്തുലയുകയും മുല്ലപ്പൂക്കൾ താഴെ
വീണ് വെള്ളത്തിൽ ഒഴുകി
അകലുന്നതും അരണ്ട
വെളിച്ചത്തിൽ കാണാമായിന്നു
അവൾ തീരുമാനിച്ചു സ്വാർത്ഥ
മോഹങ്ങൾ നിറഞ്ഞു വാഴുന്ന
തന്റെ മനസിൽ നിന്നും
ആമോഹവല്ലിപിഴുതെറിയണം
തിരുത്തണം തിരിച്ചു പോകണം
മറവിയുടെ ശവക്കല്ലറയിലേക്ക്. അവിടെ മറവ്
ചെയ്തിരിക്കുന്ന നഷ്ട സ്വപ്നങ്ങൾക്ക് കൂട്ടായ്

സിന്ധു വി (കൈറ്റ് മിസ്ട്രസ്)





# കാട്ടിലെ പ്രാവ്

ഒരു കാട്ടിൽ രണ്ട് പ്രാവുകൾ ഉണ്ടായിരുന്നു ഒരു ചേട്ടത്തി പ്രാവും ഒരു അനിയത്തിപ്രാവും അങ്ങനെ ചേട്ടത്തി പ്രാവ് പറഞ്ഞു നീ പയറു മണി പെറുക്കി കൊണ്ടുവാ എന്നിട്ട് അത് ചട്ടിയിലിട്ട് വറുത്തെടുക്കാം അതിനെ ഒന്നു പോലും കട്ട് തിന്നരുത് പ്രാവശ്യം ശരി എന്ന് പറഞ്ഞു ചേട്ടത്തി പ്രാവ് പോയി. കുറച്ചു കഴിഞ്ഞ് ചേട്ടത്തി പ്രാവ് വന്നു എന്നിട്ട് വയറു മണി സൂക്ഷിച്ചു നോക്കി എന്നിട്ട് പറഞ്ഞു ഇല്ല ചേട്ടത്തി ഞാൻ തിന്നില്ല അപ്പോൾ ചേട്ടത്തി കുത്തി അനിയത്തിയെ പ്രാവിനെ കൊന്നു കുറച്ചുദിവസം കഴിഞ്ഞ് പയർ മണിക്ക് കൊണ്ടുവന്നിട്ട് അതിനെ ഇളക്കി എന്നിട്ട് നോക്കുമ്പോൾ ചേട്ടത്തി പ്രാവിനെ കാര്യം മനസ്സിലായി കരഞ്ഞുകൊണ്ട് പറഞ്ഞു ഇതിൽ പയറു മണി കുറഞ്ഞു വന്നിരിക്കുന്നുണ്ട് മാത്രമല്ല എന്റെ അനിയത്തിയെ ഞാൻ കുത്തിക്കൊന്നല്ലോ പയർ മണി പറക്കുമ്പോൾ കുറഞ്ഞു പോകും എന്ന് യാഥാർത്ഥ്യം മനസ്സിലാക്കാതെ തന്റെ അനിയത്തിയെ കൊന്ന ദുഃഖത്തിൽ ചേട്ടത്തിപ്രാവ് അലഞ്ഞു നടന്നു




GHSS. ALAMPADY


ബി. ആർ. സി. കാസർഗോഡ്
സ്റ്റാർസ് വർണ്ണക്കൂടാരം 2022-23

GHSS ALAMPADY